## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4754 18.12.2014-ൽ മറുപടി

**ഹാരിസൺ കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

ചോദ്യം

ശ്രീ.എ.കെ.ബാലൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എത്ര ഏക്കർ ഭൂമിയാണ് ഹാരിസൺ മലയാളം ലിമിറ്റഡ് വിറ്റതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന ഭൂമിയും, കൈമാറ്റം ചെയ്ത ഭൂമിയും, മറ്റ് അനധികൃത കൈവശങ്ങളും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വയ്ക്കുന്ന 29,185 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് 01.12.2014-ൽ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയ ഭൂമി സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വിറ്റതായി കണ്ടെത്തിയിട്ടുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | കോടതി സ്റ്റേയുള്ള പത്തനംതിട്ട ജില്ലയിലെ അരുവാപ്പലം വില്ലേജിലെ കോന്നി എസ്റ്റേറ്റിന്റെ ഒരു ഭാഗമായ 832 ഏക്കർ ഭൂമി ഉൾപ്പെടെ അനുബന്ധത്തിൽ വിവരിച്ച അന്യകൈവശത്തിലുള്ള 8149 ഏക്കറും ചേർത്ത് ആകെ 8981 ഏക്കർ ഭൂമി KLC Act പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ ഭൂപരിഷ്കരണ നിയമപ്രകാരമാണോ നടപടി സ്വീകരിക്കുന്നത് ; | അല്ല, കേരള ലാൻഡ് കൺസർവൻസി ആക്ട്, 1957 പ്രകാരമാണ് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ചെറുക്കാൻ ഹാരിസൺ മലയാളം കോടതിയെ സമീപിച്ചിട്ടുണ്ടോ ? | ഉണ്ട്; WP(C)33122/2014-ാം നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിലെ 10.12.2014-ലെ ഇടക്കാല വിധിന്യായത്തിൽ സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവായ 29,185 ഏക്കർ ഭൂമിയുടെ തൽസ്ഥിതി 20.01.2015 വരെ തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

C.K.V.Kumar

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നമ്പർ | എസ്റ്റേറ്റ് | വിസ്തീർണ്ണം (ഏക്കർ) | വില്ലേജ് | ജില്ല | വർഷം | വാങ്ങിയ ആൾ |
|---|---|---|---|---|---|---|
| 1 | ബോയ്സ് & പെരുവന്താനം | 1665 | കൊക്കയാർ | ഇടുക്കി | 2004 | എൻ.കെ.മുഹമ്മദ് അലി, കോഴിക്കോട് |
| 2 | ചെറുവള്ളി | 2263 | എരുമേലി സൗത്ത്, മണിമല | കോട്ടയം | 2005 | കെ.പി.യോഹന്നാൻ, ഗോസ്പൽ ഫോർ എഷ്യ |
| 3 | തെന്മല എസ്റ്റേറ്റ് | 207 | തെന്മല | കൊല്ലം | 2005 | ജോർജ്ജ് മിണിയാട്ട്, ജോർജ്ജ് തമ്പി, റിയാ റിസോർട്ട്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലി. മുംബൈ. |
| 4 | അമ്പനാട്ടും മറ്റ് എസ്റ്റേറ്റുകളും | 2700 | തെന്മല & ആര്യങ്കാവ് | കൊല്ലം | 1985 | M/s.ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനി ലിമിറ്റഡ്, പട്ടം, തിരുവനന്തപുരം |

**ആധാരം ചെയ്തു നൽകാതെ കൈമാറ്റം നടത്തിയ ഭൂമി**

| നമ്പർ | എസ്റ്റേറ്റ് | വിസ്തീർണ്ണം (ഏക്കർ) | വില്ലേജ് | ജില്ല | വാങ്ങിയ ആൾ |
|---|---|---|---|---|---|
| 1 | ഉ്ഡംപാറ എസ്റ്റേറ്റ് | 607 | ശാന്തൻപാറ | ഇടുക്കി | M/s.പെനിൻസുലാർ പ്ലാന്റേഷൻസ്, പട്ടം, തിരുവനന്തപുരം |
| 2 | കുളിർകാട് | 707 | ആര്യങ്കാവ് | കൊല്ലം | എ.പി.നൈനാൻ & എ.സി.നൈനാൻ (നിലവിൽ മുറിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്) |

**ആകെ = 8149 ഏക്കർ**

e.k.v.Kumar